പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യ നം. 560

01.04.2013 ൽ
മറുപടിയ്ക്ക്

## ഹോംസ്റ്റേ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി. സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. എം. വി. ശ്രേയാംസ്കുമാർ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിനോദ സഞ്ചാര മേഖലയിൽ ഹോംസ്റ്റേ സംവിധാനം പ്രോത്സാഹിപ്പിച്ചു തുടങ്ങിയത് ഏതു കാലയളവു മുതലാണ്; | എ) വിനോദ സഞ്ചാര മേഖലയിൽ ഹോംസ്റ്റേ സംവിധാനത്തിന് 2006 മുതലാണ് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത് |
| ബി) സംസ്ഥാനത്തു ഹോം സ്റ്റേ സംവിധാനം പ്രോത്സാഹിപ്പിച്ചു തുടങ്ങിയതിനു ശേഷം ഓരോ സീസണിലും എത്ര വിദേശി കൾ പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തിയെന്ന് അറിയിക്കുമോ; | ബി) കൃത്യമായ കണക്ക് ലഭ്യമല്ല. |
| സി) ഹോംസ്റ്റേകൾക്ക് സാധാരണ യായി ഏതെല്ലാം ക്ലാസിഫിക്കേ ഷനാണ് നൽകി വരുന്നത്; ക്ലാസിഫിക്കേഷന് അനുസൃത മായിട്ടാണോ ടൂറിസ്റ്റുകളിൽ നിന്ന് ഫീസ് ഈടാക്കുന്നത്; വ്യക്തമാക്കുമോ; | സി) മൂന്നു തരത്തിലാണ് ഹോംസ്റ്റേകളെ വർഗ്ഗീകരണം ചെയ്യുന്നത്.<br>1. ഡയമണ്ട് ഹോംസ്റ്റേ<br>2. ഗോൾഡ് ഹോംസ്റ്റേ<br>3. സിൽവർ ഹോംസ്റ്റേ<br>ടൂറിസ്റ്റുകളിൽ നിന്ന് ഫീസ് ഈടാക്കുന്നത് ക്ലാസ്സിഫിക്കേഷന് അനുസൃതമായിട്ടല്ല. ഹോംസ്റ്റേ ഓപ്പറേറ്റർമാരാണ് ഈടാക്കുന്ന ചാർജ്ജിന്റെ നിരക്ക് തീരുമാനിക്കുന്നത്. |
| ഡി) ഹോം സ്റ്റേ സംവിധാനം ലഭ്യമാ ക്കുന്ന ഉടമകൾക്ക് ഏതെല്ലാം തരത്തിലുള്ള ട്രെയിനിംഗുക ളാണ് നൽകി വരുന്നത്; ഇതി നോടകം എത്ര പേർ ഈ സൗകര്യങ്ങൾ പ്രയോജനപ്പെടു ത്തിയെന്ന് അറിയിക്കുമോ; | ഡി) ബിൽഡിംഗ് കപ്പാസിറ്റി ഫോർ സർവ്വീസ് പ്രൊവൈഡേഴ്സ് എന്ന സ്കീമിൽ ഉൾപ്പെടുത്തി ഇതുവരെ 40 പേർക്ക് ഈ മേഖലയിൽ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഹൗസ് കീപ്പിംഗ്, ഫുഡ് & ബീവറേജ് സർവ്വീസ്, വ്യവസായ സംരഭകത്വം എന്നീ വിഷയങ്ങളിലാണ് ഇവർക്ക് ട്രെയിനിംഗ് നൽകിയിട്ടുള്ളത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ